# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സാരഥികൾ



ശ്രീ. കെ കെ ഹനീഫ
(പ്രസിഡന്റ്)

ശ്രീമതി. ജിൻസി സണ്ണി
(വൈസ് പ്രസിഡന്റ്)





ശ്രീമതി. ഹേമലത എം. ആർ
(സെക്രട്ടറി)




## "എന്റെ ജീവിതമാണ് എന്റെ സന്ദേശം"

- മഹാത്മാഗാന്ധി

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**ശ്രീ. അരുൺദേവ്**
ചെയർ പേഴ്സൺ,
വികസന സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീ. ബി സുരേഷ് ബാബു**
ചെയർ പേഴ്സൺ, ക്ഷേമ കാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീമതി. ബുഷ്റ**
ചെയർമാൻ, ആരോഗ്യം,
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീമതി. ജെനിമോൾ**
മെമ്പർ
കോടത്തറ



**ശ്രീമതി. അഞ്ജലി**
മെമ്പർ, വെങ്ങപ്പള്ളി



**ശ്രീമതി. ഷഹർബാൻ**
മെമ്പർ, മൂപ്പൈനാട്



**ശ്രീ. അജ്മൽ സാജിദ്**
മെമ്പർ, മേപ്പാടി



**ശ്രീ. വിജേഷ് എം വി**
മെമ്പർ, വൈത്തിരി



**ശ്രീമതി. തെസ്നി അഷ്റഫ്**
മെമ്പർ, ചാരിറ്റി



**ശ്രീ. ഷിഹാബ്**
മെമ്പർ, ചൂരൽമല



**ശ്രീമതി. ഉഷ**
മെമ്പർ, വാഴവറ്റ



**ശ്രീ. ശശി**
മെമ്പർ, മുട്ടിൽ



**ശ്രീമതി. ബിന്ദു ബാബു**
മെമ്പർ, പടിഞ്ഞാറത്തറ



**ശ്രീ. സലാം നീലിക്കണ്ടി**
മെമ്പർ, മടക്കിമല

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## [ISO – 9001:2015 Certified)

# 2026 - 2027

# സാമ്പത്തിക വർഷത്തെ

# ബജറ്റ്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ മൂന്ന് പതിറ്റാണ്ട് കാലത്തെ ചരിത്രത്തിൽ ഒരു പുതുയുഗ ചരിത്ര രചനയുടെ സമാരംഭമാണ് 2026-2027 വാർഷിക ബജറ്റിലൂടെ ലക്ഷ്യമാക്കുന്നത്. ബജറ്റ് എന്ന യാഥാർത്ഥ്യവും സങ്കൽപ്പവും എപ്പോഴും ഏറെ വ്യത്യസ്തമാണ് എന്നതാണ് നമ്മുടെ അനുഭവം. ഖജനാവിന്റെ കാവൽക്കാരന്റെ സ്വകാര്യതയാണ് നമ്മുടെ പൊതു ബജറ്റുകൾ.

ഏതൊരു സ്ഥാപനത്തിന്റെയും, സംഘടനയുടെയും, സർക്കാരുകളുടെയും, ബജറ്റുകൾ ആ സംവിധാനങ്ങൾ സുഖകരമായി മുന്നോട്ട് പോകുന്നതിന് ഏറെ അനിവാര്യമാണ്. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 2026-2027 വാർഷിക ബജറ്റിൽ അധികാര വികേന്ദ്രീകരണത്തിന്റെയും, സർക്കാരിന്റെ പുതുയുഗ കാഴ്ചപ്പാടുകളുടെയും അന്തസത്ത പരിപൂർണ്ണമായി ഉൾക്കൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

ഈ വാർഷിക ബജറ്റിലെ വികസന മേഖലകളിലെ സംഖ്യാപരമായ വകയിരുത്തലുകളെ കുറിച്ച് ഞാൻ പ്രതിപാദിക്കുന്നില്ല. അത് ബഹുമാന്യയായ വൈസ് പ്രസിഡണ്ട് നമുക്ക് മുന്നിൽ അവതരിപ്പിക്കും. സാധാരണ രീതിയിൽ നമ്മുടെ ബജറ്റിൽ രണ്ട് തരത്തിലുള്ള വരവ്- ചെലവുകളാണ്, ഒന്ന് പദ്ധതി പ്രകാരവും മറ്റൊന്ന് പദ്ധതിയേതരവും. സാധാരണ ഗതിയിൽ ബജറ്റിന് ശേഷമാണ് പദ്ധതി രൂപീകരണം ആരംഭിക്കുന്നത്. അതിനാൽ തന്നെ മാർഗ്ഗരേഖയ്ക്കും ബജറ്റിനും വിധേയമായി വാർഷിക പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാവും.

ബജറ്റിലെ പദ്ധതികൾ സംബന്ധിച്ച കൃത്യമായ വരവ്-ചെലവ് വിവരങ്ങൾ, സ്റ്റാറ്റസ് റിപ്പോർട്ട്, ഗ്രാമസഭ എന്നിവയിലൂടെ നമ്മൾ പൊതുസമക്ഷം സമർപ്പിക്കാറുണ്ടെങ്കിലും പദ്ധതിയേതര വരവ്- ചെലവുകൾ പരസ്യപ്പെടുത്താറില്ല. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഈ ബജറ്റ് കാലയളവിലെ പദ്ധതിയേതര വരവ് - ചെലവുകളും പൊതുജന സമക്ഷം സമർപ്പിക്കുമെന്ന് ഉറപ്പ് നൽകുകയാണ്.

2026-2027 ബജറ്റ് ഇവിടെ അവതരിപ്പിക്കുന്നതിന് മുൻപ് തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും ഗ്രാമസഭകളും ഗ്രാമപഞ്ചായത്തുകളിലെയും, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിലേയും വികസന സെമിനാറുകളും പൂർത്തീകരിക്കാനായതിനാൽ ഈ ബജറ്റിൽ ജനകീയാഭിലാഷങ്ങളെ പരമാവധി ഉൾക്കൊള്ളാനായിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിനും അവശ വിഭാഗങ്ങളേയും അവികസിത പ്രദേശങ്ങളേയും ചേർത്ത് നിർത്തുന്നതിനും ഈ ബജറ്റ് കൊണ്ട് സാധിച്ചിട്ടുണ്ട്.

പൊതു വകയിരുത്തലുകളുടെ ഗുണം സമൂഹത്തിലെ എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതാണെങ്കിലും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പിന്നോക്കപ്രദേശങ്ങൾക്കും പ്രത്യേക കരുതൽ നൽകിയിട്ടുണ്ട്. ഈ ബജറ്റിന്റെ പ്രയോജനം ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ എന്നറിയുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകം മോണിറ്ററിംഗ് സംവിധാനമുറപ്പ് വരുത്തും.

ഈ ബജറ്റ് ഇവിടെ അവതരിപ്പിക്കുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധവും, വരൾച്ചയും, വെള്ളപ്പൊക്കവും അധിനിവേശങ്ങളും ചെറുത്തു നിൽപ്പ് പോരാട്ടങ്ങളും കാരണം ദാരിദ്ര്യവും കെടുതിയും ദുരിതവും ഉണ്ടായിക്കൊണ്ടിരിക്കയാണ്. ആഗോളവൽക്കരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഇതുവരെ തിട്ടപ്പെടുത്താതെ തർക്കങ്ങൾ തുടരുകയാണ്. സാധാരണക്കാരെ ബാധിക്കുന്ന കെടുതികളും ദുരിതങ്ങളും പ്രതിരോധിക്കുന്നതിനായിരിക്കണം ഓരോ ബജറ്റിലേയും സാമ്പത്തിക വകയിരുത്തലുകളും സാമ്പത്തിക വിനിമയങ്ങളും നടത്തേണ്ടത്.

സാമ്പത്തിക വിനിമയങ്ങളിൽ കൂടുതൽ ജാഗ്രത കാണിക്കുന്നതിനും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, കരുത്ത് പകരുന്നതും, പുതുയുഗ കേരളത്തിന് മുതൽക്കൂട്ടാവുന്നതുമായ നമ്മുടെ ബജറ്റ് ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ടവന് സാമൂഹ്യനീതി ഉറപ്പ് നൽകിക്കൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്. വരാനിരിക്കുന്ന സാമ്പത്തിക വർഷത്തിനും അടുത്ത പഞ്ചവൽസര പദ്ധതിക്കും ഉപോൽബലമേകുന്ന ബജറ്റ് തയ്യാറാക്കിയ വൈസ് പ്രസിഡണ്ട് ശ്രീമതി. ജിൻസി സണ്ണിക്കും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ടീം അംഗങ്ങൾക്കും അഭിനന്ദനങ്ങൾ നേർന്നുകൊണ്ട് ഉപസംഹരിക്കുന്നു.

**കെ കെ ഹനീഫ**

**പ്രസിഡന്റ്**
**കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## 2026-27 വർഷത്തെ ബജറ്റ് അവതരണം

ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകരേ,

2025 ഡിസംബർ മാസത്തിൽ അധികാരമേറ്റ ഭരണസമിതിയുടെ ഒന്നാമത്തേയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ മുപ്പത്തൊന്നാമത്തേതുമായ 2026-27 വർഷത്തെ ബജറ്റാണ് ഞാൻ അഭിമാനപൂർവ്വം നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഈ ഭരണ സമിതി നാളിതുവരെ നടപ്പിലാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു തുടർച്ചയാണ് ബജറ്റ് ലക്ഷ്യം വെയ്ക്കുന്നത്.

9 ഗ്രാമ പഞ്ചായത്തുകളും, 16 റവന്യൂ വില്ലേജുകളും ഉൾപ്പെട്ട 16 ബ്ലോക്ക് ഡിവിഷനുകളുള്ള കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ജനസംഖ്യ 2,00,474 (രണ്ട് ലക്ഷത്തി നാനൂറ്റി എഴുപത്തി നാല്) ആണ്. ആകെ ജനസംഖ്യയിൽ 15% പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരും, 6% പട്ടികജാതി വിഭാഗത്തിലുള്ളവരുമാണ്.

ലഭ്യമായ പരിമിത വിഭവങ്ങൾ കൃത്യതയോടെ വിവിധ മേഖലകൾക്ക് പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തെ മാത്രം അടിസ്ഥാനപ്പെടുത്തി നമ്മുടെ വികസന പദ്ധതിയും, വാർഷിക ബജറ്റും തയ്യാറാക്കിയാൽ അതൊരു അപൂർണ്ണ ബജറ്റായിരിക്കും എന്നതിനാൽ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന തുകയും എം.പി-എം.എൽ.എ ഫണ്ടുകളും സംസ്ഥാനാവിഷ്കൃത ഫണ്ടുകളും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തുകളിൽ നിന്നും സമാഹരിക്കാൻ കഴിയുന്ന ഫണ്ടുകളും സംയോജിപ്പിച്ച് സമഗ്രവും സമ്പൂർണ്ണവുമായ ഒരു ബജറ്റ് തയ്യാറാക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എല്ലാവർക്കും സമ്പൂർണ്ണഭവനം എന്നതാണ് ഈ വർഷം ബജറ്റിൽ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ എല്ലാവർക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യമേഖലയ്ക്കും, കാർഷിക ക്ഷീര മേഖലകളെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് കാർഷികക്ഷീര മേഖലയ്ക്കും ബജറ്റിൽ ഊന്നൽ നൽകുന്നുണ്ട്.

അനുഭവ പാഠം ഉൾക്കൊണ്ടുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെ വികസനത്തിന് പരമാവധി പരിഗണന നൽകി 2026-27 വർഷത്തെ ബജറ്റ് സമർപ്പിക്കുന്നു.

## ആരോഗ്യമേഖല

ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 1,95,00,000/- (ഒരു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) രൂപയും പാലിയേറ്റീവ് കെയറിന് 43,00,000/- (നാൽപ്പത്തി മൂന്ന് ലക്ഷം രൂപ) രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഉൽപാദന മേഖല

ഉൽപാദന മേഖലയിലെ സമഗ്രമായ വികസനത്തിന് ജനറൽ ഫണ്ടിൽ നിന്നും ഉൽപാദന മേഖലയ്ക്ക് 1,43,00,000/- (ഒരു കോടി നാൽപ്പത്തി മൂന്ന് ലക്ഷം രൂപ) രൂപയും എസ്.സി.പി ഫണ്ടിൽ നിന്നും ഉൽപാദന മേഖലയ്ക്ക് 23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം രൂക) രൂപയും ടി.എസ്.പി ഫണ്ടിൽ നിന്നും ഉൽപാദന മേഖലയ്ക്ക് 40,00,000/- (നാൽപത് ലക്ഷം രൂപ) രൂപയും വകയിരുത്തുന്നു.

## സേവന മേഖല

സേവന മേഖലയിലെ സമഗ്രമായ വികസനത്തിന് ജനറൽ ഫണ്ടിൽ നിന്നും സേവന മേഖലയ്ക്ക് 3,76,82,000/- (മൂന്ന് കോടി എഴുപത്തി ആറ് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ) രൂപയും എസ്.സി.പി ഫണ്ടിൽ നിന്നും സേവന മേഖലയ്ക്ക് 81,28,600/- (എൺപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി അറുന്നൂറ് രൂപ) രൂപയും ടി.എസ്.പി ഫണ്ടിൽ നിന്നും സേവന മേഖലയ്ക്ക് 2,08,69,000/- (രണ്ട് കോടി എട്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരം രൂപ) രൂപയും വകയിരുത്തുന്നു.

## പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിലെ സമഗ്രമായ വികസനത്തിന് ജനറൽ ഫണ്ടിൽ നിന്നും പശ്ചാത്തല മേഖലയ്ക്ക് 75,00,000/- (എഴുപത്തി അഞ്ച് ലക്ഷം രൂപ) രൂപയും എസ്.സി.പി ഫണ്ടിൽ നിന്നും പശ്ചാത്തല മേഖലയ്ക്ക് 44,69,400/- (നാൽപ്പത്തി നാല് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാനൂറ് രൂപ) രൂപയും ടി.എസ്.പി ഫണ്ടിൽ നിന്നും പശ്ചാത്തല മേഖലയ്ക്ക് 83,50,000/- (എൺപത്തി മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപയും വകയിരുത്തുന്നു.

പാൽ സബ്സിഡിയ്ക്ക് 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ) രൂപയും എ.ബി.സി പ്രൊജക്ടിന് 15,00,000/- (പതിനഞ്ച് ലക്ഷം രൂപ) രൂപയും വകയിരുത്തുന്നു.

നെൽകൃഷി വ്യാപനം ലക്ഷ്യമിട്ട് നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് 30 ലക്ഷം രൂപയും വകയിരുത്തുന്നു. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്ക് 5 ലക്ഷം രൂപയും വയോജനക്ഷേമം, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് 48 ലക്ഷം രൂപയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്ത് ഷെയർ 50 ലക്ഷം രൂപയും സമഗ്ര ജലവിഭവ പരിപാലനം 26,19,400/- (ഇതുപത്തി ആറ് ലക്ഷത്തി പത്തൊമ്പതിനായിരത്തി നാനൂറ് രൂപ) രൂപയും പ്രാദേശിക വികസനവും തൊഴിലവസരവും സൃഷ്ടിക്കാൻ 60 ലക്ഷം രൂപയും വിജ്ഞാനകേരളം പദ്ധതിക്ക് 5 ലക്ഷം രൂപയും വകയിരുത്തുന്നു.

## സമ്പൂർണ്ണ ഭവന നിർമ്മാണം

ബ്ലോക്ക് പഞ്ചായത്തിലെ എല്ലാവർക്കും സുരക്ഷിതവും കെട്ടുറപ്പുള്ളതുമായ ഭവനം നൽകുന്ന സമ്പൂർണ്ണ ഭവന നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. ആയതിന് വേണ്ടി ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലും പി.എം ജൻമൻ പദ്ധതിയിലും ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 2,98,94,000/- (രണ്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ) രൂപയും കേന്ദ്ര വിഹിതം 1,29,60,000/- (ഒരു കോടി ഇരുപത്തി ഒൻപത് ലക്ഷത്തി അറുപതിനായിരം രൂപ) രൂപയും സംസ്ഥാന വിഹിതം 2,39,00,000/- (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപ) രൂപയും ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതം 5,60,64,000/- (അഞ്ച് കോടി അറുപത് ലക്ഷത്തി അറുപത്തി നാലായിരം രൂപ) രൂപയും ഉൾപ്പെടുത്തി ആകെ 12,28,18,000/- (പന്ത്രണ്ട് കോടി ഇരുപത്തി എട്ട് ലക്ഷത്തി പതിനെട്ടായിരം രൂപ) എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി വകയിരുത്തുന്നു.

## വനിതാ വികസനം

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ജനസംഖ്യയിൽ 51% സ്ത്രീകളാണെ ങ്കിലും സ്വയംതൊഴിൽ സംരംഭ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്വം കുറവാ ണ്. സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് സ്ത്രീകൾക്ക് മുന്നോട്ട് വരു വാനും, സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 1,12,00,000/- (ഒരു കോടി പന്ത്രണ്ട് ലക്ഷം രൂപ) വികസനഫണ്ട്, ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയിൽ നിന്നും വകയിരുത്തുന്നു. വനിതാ ഡിഫൻസീവ് ട്രെയിനിംഗിന് 10 ലക്ഷം രൂപയും ഫിറ്റ്നസ് കേരള പദ്ധതിയിൽ 27 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## കുടിവെള്ളം

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കുടിവെള്ളമില്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഫണ്ടിൽ നിന്നും പദ്ധതികൾക്കായി 54,00,000/- (അമ്പത്തി നാല് ലക്ഷം രൂപ) വകയിരുത്തുന്നു.

## ശുചിത്വം

ബ്ലോക്ക് പഞ്ചായത്തിലെ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് വൈത്തിരി താലൂക്ക് ആശുപത്രിയിൽ മലിനജല റീസൈക്ലിംഗ് പ്ലാന്റ് നിർമ്മാണത്തിനായി 1,10,00,000/- (ഒരു കോടി പത്ത് ലക്ഷം രൂപ) വകയിരുത്തുന്നു.

## ശിശു-ഭിന്നശേഷി വികസനം, വൃദ്ധർ പാലിയേറ്റീവ് വിഭാഗം

കുട്ടികളുടെയും, ഭിന്നശേഷിക്കാരുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 50 ലക്ഷം രൂപയും, സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്നതിനായി 20 ലക്ഷം രൂപയും, ഭിന്നശേഷി കുട്ടികളുടെ കലോത്സവത്തിനായി 1 ലക്ഷം രൂപയും, ബജറ്റിൽ വകയിരുത്തുന്നു. സാമൂഹ്യ സുരക്ഷാ വിഹിതമായി 4 ലക്ഷം രൂപയും വകയിരുത്തുന്നു.

## പട്ടികജാതി/ പട്ടിക വർഗ്ഗ വികസനം

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 4,81,17,000/- (നാല് കോട് എൺപത്തി ഒന്ന് ലക്ഷത്തി പതിനേഴായിരം രൂപ) നീക്കി വെക്കുന്നു. ഭവന നിർമ്മാണം, വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ്, സ്വയംതൊഴിൽ സംരംഭം, കുടിവെള്ള പദ്ധതി, പശ്ചാത്തല സൗകര്യ വികസനം, കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ തുടങ്ങിയവ ഈ മേഖലയിൽ ലക്ഷ്യമിടുന്നു.

## വിദ്യാഭ്യാസ മേഖല

പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്, പഠന മുറി, ഹോസ്റ്റൽ കെട്ടിട നവീകരണം,

ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പഠനകായിക ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയ്ക്കായി 28 ലക്ഷം രൂപ വകയിരുത്തുന്നു.

**ക്ഷീര സമൃദ്ധി പദ്ധതി**

വൈത്തിരി സുഗന്ധഗിരിയിൽ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള എസ്.ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി ക്ഷീരോൽപാദനം വർദ്ധിപ്പിക്കുക, ജീവിതനിലവാരം മെച്ചപ്പെടുത്തുക, വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ഷീരസമൃദ്ധി പദ്ധതി. ഇതിനായി 29 ലക്ഷം രൂപ വകയിരുത്തുന്നു.

**സി.എസ്.ആർ ഫണ്ട്**

വൈത്തിരി താലൂക്ക് ഹോസ്പിറ്റലിനോടനുബന്ധിച്ച് ടാറ്റാ കമ്പനിയുമായി ചേർന്ന് ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.ഒ.ടി)**

ബി.ഒ.ഒ.ടി-യുടെ അടിസ്ഥാനത്തിൽ വൈത്തിരിയിലുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് ലഭ്യമാകുന്ന ടെണ്ടറിന്റെ അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ച് പഞ്ചായത്തിന് കൈമാറുന്നതിലൂടെ ഒരു വർഷം ഏകദേശം 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗവൺമെന്റ് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ട് അല്ലാതെ തനത് വരുമാനമില്ലാത്ത ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതൊരു മുതൽക്കൂട്ടാണ് എന്ന് എടുത്ത് പറയേണ്ടിയിരിക്കുന്നു.

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ മേഖലയിൽ അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം പരമാവധി 100ദിവസത്തെ തൊഴിൽ ആവശ്യാധിഷ്ഠിതമായി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ വളരെ ഗുണകരമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും, മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ഗ്രാമീണ മേഖലകളിലെ ആട്, കോഴി, പശു വളർത്തൽ തുടങ്ങിയ ഉപജീവന മാർഗ്ഗ

ങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജലസേചന കിണർ, കുളം, എന്നിവയുടെ നിർമ്മാണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, നീരൊഴുക്ക് സംരക്ഷിക്കൽ, പി.എം.എ.വൈ ഭവന നിർമ്മാണത്തിന് തൊഴിൽ ദിനങ്ങൾ നൽകൽ, ഹരിതവൽക്കരണ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കായി 60 കോടി രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 9 പഞ്ചായത്തുകളിലായി നടപ്പിലാക്കി വരുന്നു.

ഓരോ ബജറ്റും ഓരോ തുടക്കമാണ്, തുടർച്ചയുമാണ്. പുതിയ കർമ്മ മണ്ഡലങ്ങളുടെ, വീക്ഷണങ്ങളുടെ തുടക്കം. പല അദ്ധ്യായങ്ങളുടെയും ആരംഭം. ഉത്തരവാദിത്വത്തോടെയും, അഭിമാനത്തോടെയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ വെല്ലുവിളികൾ നാം ഓരോരുത്തരും ഏറ്റെടുത്തുകൊണ്ട് സുസ്ഥിരമായ വികസനത്തിലേക്കും, ശോഭനമായ ഭാവിയിലേക്കും ബ്ലോക്ക് പഞ്ചായത്തിനെ നയിക്കാൻ ഈ ബജറ്റിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് എന്നോടൊപ്പം നിന്ന ഭരണസമിതി അംഗങ്ങൾ, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡണ്ടുമാർ, അംഗങ്ങൾ, പൊതു പ്രവർത്തകർ, ആസൂത്രണ സമിതി അംഗങ്ങൾ, ഘടകസ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്തിലെയും ഘടക സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ഏറ്റവും പ്രിയപ്പെട്ട ജനങ്ങൾ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് 2026-27 വർഷത്തെ ബജറ്റ് യോഗ സമക്ഷം സമർപ്പിക്കുന്നു.

**(ഒപ്പ്)**
**ജിൻസി സണ്ണി**
**വൈസ് പ്രസിഡന്റ്**
**&**
**ചെയർ പേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**
**കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

**കൽപ്പറ്റ**
**28.02.2026**

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## വാർഷിക ബജറ്റ് 2026-27

## ധന സ്രോതസുകൾ

| | | |
|---|---|---|
| i | **മുൻബാക്കി** | **5000541** |
| ii | **തനത് ഫണ്ട്** | |
| | വരവുകൾ (ജി.പി.ജി ഒഴികെ തനത് വരവ്) | **1025750** |
| | **ആകെ തനത് ഫണ്ട്** | **1025750** |
| iii | വിവിധ ഇനം ഗ്രാന്റുകൾ | |
| | പൊതു ആവശ്യ ഫണ്ട് | 10078000 |
| | വികസന ഫണ്ട് ( പൊതു വിഭാഗം ) | 59482000 |
| | വികസന ഫണ്ട് ( പ്രത്യേക ഘടക പദ്ധതി ) SCP | 14898000 |
| | വികസന ഫണ്ട് ( പട്ടിക വർഗ ഉപ പദ്ധതി ) TSP | 33219000 |
| | ധനകാര്യ കമ്മീഷൻ അവാർഡ്(അടിസ്ഥാന ഗ്രാന്റ് ) | 8121000 |
| | ധനകാര്യ കമ്മീഷൻ അവാർഡ്(പ്രത്യേക ഉദ്ദേശ്യഗ്രാന്റ്) | 11431000 |
| | മെയിന്റനൻസ് ഫണ്ട് ( റോഡിതരം) | 20694000 |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 600000000 |
| | പ്രധാനമന്ത്രി ആവാസ് യോജന–കേന്ദ്ര വിഹിതം | 12960000 |
| | കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം | 10000000 |
| | എം.എൽ.എ ഫണ്ട് | 10000000 |
| | എം.പി ഫണ്ട് | 8000000 |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് (PM JANMAN) | 23900000 |
| | ഗ്രാമ/ജില്ല പഞ്ചായത്ത് വിഹിതം | 56064000 |
| | സി.എസ്.ആർ ഫണ്ട് | 60000000 |
| | ശുചിത്വമിഷൻ ഫണ്ട് | 11000000 |
| | **ആകെ വിവിധ ഇനം ഗ്രാന്റുകൾ** | **949847000** |
| | **ആകെ ധന സ്രോതസുകൾ** | **950872750** |

| | | |
|---|---|---|
| **വാർഷിക ബജറ്റ് 2026-27** | | |
| **ധന വിനിയോഗം** | | |
| **V** | **അനിവാര്യ ചെലവുകൾ** | |
| | ഭരണ ചെലവുകൾ | 12943750 |
| | **ആകെ അനിവാര്യ ചെലവുകൾ** | **12943750** |
| vi | **വികസന ക്ഷേമചെലവുകൾ** | |
| | **വികസന ഫണ്ട് – ജനറൽ – സേവനമേഖല (37582000)** | |
| | പി.എം.എ.വൈ (ജി) | 11896400 |
| | വനിത ഘടകപദ്ധതി | 5200000 |
| | മറ്റു പദ്ധതികൾ | 20485600 |
| | **വികസന ഫണ്ട് – ജനറൽ – ഉത്പാദനമേഖല (14300000)** | |
| | നെൽകൃഷി ധനസഹായം | 3000000 |
| | മൊബൈൽ വെറ്ററിനറി ക്ലിനിക്ക് | 1500000 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2500000 |
| | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം | 2100000 |
| | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 3200000 |
| | കാർഷിക മേഖല | 1000000 |
| | മൃഗസംരക്ഷണ മേഖല | 1000000 |
| | **വികസന ഫണ്ട് – ജനറൽ – പശ്ചാത്തലമേഖല (7600000)** | |
| | വിവിധ റോഡുകളുടെ സൈഡ് കെട്ട്, നവീകരണം, കോൺക്രീറ്റ്, നടപ്പാലം, ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണം | 7600000 |
| | **എസ്.സി.പി – സേവനമേഖല (8128600)** | |
| | ഭവനനിർമ്മാണം | 4028600 |
| | മെറിറ്റോറിയസ് സ്കോളർഷിപ്പ് | 100000 |
| | കുടിവെള്ള പദ്ധതി | 800000 |
| | പഠനമുറി | 2700000 |
| | വാദ്യോപകരണങ്ങൾ വാങ്ങൽ | 500000 |

| | | |
|---|---|---|
| | എസ്.സി.പി – ഉൽപാദനമേഖല (2300000) | |
| | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം | 1800000 |
| | നെൽകൃഷി | 500000 |
| | എസ്.സി.പി – പശ്ചാത്തലമേഖല (4469400) | |
| | നടപ്പാത | 2200000 |
| | റോഡ് നവീകരണം | 1400000 |
| | റോഡ് സൈഡ് കെട്ട് | 869400 |
| | ടി.എസ്.പി – സേവനമേഖല (21369000) | |
| | ഭവനനിർമ്മാണം | 8969000 |
| | പി.എം ജന്മൻ ഭവനനിർമ്മാണം | 5000000 |
| | കുടിവെള്ളം | 5400000 |
| | വാദ്യോപകരണം | 500000 |
| | ആനപ്പാറ കുറിച്യർ ഉന്നതി – ദൈവപ്പുര | 500000 |
| | റോഡ് കോൺക്രീറ്റ് | 500000 |
| | അംഗൻവാടിക്ക് വിഹിതം നൽകൽ | 500000 |
| | ടി.എസ്.പി – പശ്ചാത്തലമേഖല (6450000) | |
| | റോഡ് | 2000000 |
| | നടപ്പാത | 2450000 |
| | പാലം | 500000 |
| | ഉന്നതികളുടെ സൈഡ് സംരക്ഷണം | 1500000 |
| | ടി.എസ്.പി – ഉൽപാദനമേഖല (5400000) | |
| | നെൽകൃഷി | 500000 |
| | ക്ഷീരസമൃദ്ധി | 2900000 |
| | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം | 2000000 |
| | സി.എഫ്.സി. ബേസിക് (8121000) | |
| | ഗ്രന്ഥശാലാ നവീകരണം | 1600000 |
| | വയോജനങ്ങൾക്കുള്ള റീഡിംഗ് റൂം – അരപ്പറ്റ | 500000 |

| | | |
|---|---|---|
| | റോഡ് | 4021000 |
| | നടപ്പാത | 500000 |
| | സാംസ്കാരിക നിലയം | 500000 |
| | വയോജന കേന്ദ്രം | 1000000 |
| | **സി.എഫ്.സി ടൈഡ് (11431000)** | |
| | ഡ്രൈനേജ് | 3800000 |
| | കുടിവെള്ളം | 6715500 |
| | റിസോഴ്സ് റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം | 915500 |
| | **മെയിന്റനൻസ് നോൺ-റോഡ് (20694000)** | |
| | ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചിലവുകൾ | 7394000 |
| | ആരോഗ്യമേഖലയിലെ വിവിധ പ്രവർത്തനങ്ങൾ, മരുന്നു വാങ്ങൽ ഉൾപ്പെടെ | 12800000 |
| | എ.ഡി.എ ഓഫീസ് ഫർണിഷിംഗ് | 500000 |
| | **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി** | **600000000** |
| | **കേന്ദ്രവിഹിതം - പി.എം.എ.വൈ** | **12960000** |
| | **കാലവർഷക്കെടുതി (Flood)** | **10000000** |
| | **എം.എൽ.എ ഫണ്ട്** | **10000000** |
| | **എം.പി. ഫണ്ട്** | **8000000** |
| | **ശുചിത്വമിഷൻ ഫണ്ട്** | **11000000** |
| | **പി.എം.എ.വൈ സംസ്ഥാന വിഹിതം** | **23900000** |
| | **ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതം - പി.എം.എ.വൈ** | **56064000** |
| | **സി.എസ്.ആർ ഫണ്ട്** | **60000000** |
| vii | **ആകെ വികസന ക്ഷേമചെലവുകൾ** | **932929000** |
| viii | **ഒട്ടാകെ ചെലവുകൾ (ഭരണചെലവും വികസനക്ഷേമ ചെലവും ഉൾപ്പെടെ)** | **945872750** |
| | **നീക്കിയിരിപ്പ്** | **5000000** |
| | **പ്രൊജക്ട് ഫണ്ടിൽ നീക്കിയിരിപ്പ് (ബഡ്ജറ്റ് ഡി.പി.സി അപ്രൂവൽ ലഭ്യമാകാത്തതിനാൽ)** | **349738291** |

# കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

# 2026 - 2027

# സാമ്പത്തിക വർഷത്തെ ബജറ്റ്

**(ധനകാര്യ സ്ഥിരം സമിതിയുടെ 25.02.2026 തിയ്യതിയിലെ 1/25/02/26 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത്)**

# Kalpetta Block Development Office

## Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Opening Balance** | | **47668201** | **5000541** |
| | **Revenue Receipt - 1** | | | |
| | **Fees and User Charges - 140** | | | |
| 1 | 1401399 Fees for Other Certificates or Extracts | | 500 | 500 |
| 2 | 1402001 Penal Interest | | 250 | 250 |
| 3 | 1402003 Other Penalities and Fines | | 650000 | 600000 |
| | **Total Fees and User Charges** | | **650750** | **600750** |
| | **Sale and Hire Charges - 150** | | | |
| 4 | 1501101 Receipts from Sale of Forms | | 10000 | 15000 |
| 5 | 1501102 Receipts from Sale of Tender Forms | | 6000 | 10000 |
| 6 | 1501202 Receipts from Sale of Scrap | | 50000 | 100000 |
| 7 | 1501203 Receipts from auction of obsolete assets | | 50000 | 150000 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 8 | 1504002 Hire Charges for Vehicles (Others) | | 75000 | 0 |
| | **Total Sale and Hire Charges** | | **191000** | **275000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 9 | 1601023 General Purpose Fund | | 8867000 | 10078000 |
| | **Total Revenue Grants, Contributions and Subsidies** | | **8867000** | **10078000** |
| | **Interest Earned - 171** | | | |
| 10 | 1711001 Interest from Bank Accounts | | 600000 | 600000 |
| | **Total Interest Earned** | | **600000** | **600000** |
| | **Rental Income - LB Properties - 130** | | | |
| 11 | 1301005 Rent from Conference Hall | | 100000 | 100000 |
| 12 | 1302003 Rent from Buildings | | 120000 | 50000 |
| | **Total Rental Income** | | **220000** | **150000** |
| | **Total Revenue Receipt** | | **10528750** | **11703750** |
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 13 | 3201003 Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs | | 3040741 | 0 |
| 14 | 3201004 Central Finance Commission Grant - Tied | | 32027321 | 11431000 |
| 15 | 3201005 Central Finance Commission Grant - Untied | | 7621000 | 8121000 |
| 16 | 3201011 Prime Minister S Awas Yojana (PMAY) - General | | 20720000 | 12000000 |
| 17 | 3201013 Prime Minister'S Awas Yojana (S.C.P) | | 10440000 | 9600000 |
| 18 | 3201014 Prime Minister'S Awas Yojana (T.S.P) | | 36840000 | 12960000 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 19 | 3201023 Member Of Parliament Local And Development Scheme | | 16600000 | 8000000 |
| 20 | 3201024 National Health Mission | | 0 | 0 |
| 21 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 600000000 | 600000000 |
| 22 | 3202001 Development Fund - General | | 59856867 | 59482000 |
| 23 | 3202002 Development Fund - Special Component Plan | | 20636147 | 14898000 |
| 24 | 3202003 Development Fund - Tribal Sub-Plan | | 33689218 | 33219000 |
| 25 | 3202010 Maintenance Fund - Non-Road Assets | | 22711000 | 20694000 |
| 26 | 3202015 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management | | 0 | 11000000 |
| 27 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | | 15200000 | 10000000 |
| 28 | 3202024 Flood Relief Grant | | 20000000 | 10000000 |
| 29 | 3202027 Grants For Specific Purposes - Election | | 4100000 | 0 |
| 30 | 3202032 Literacy Scheme Grant | | 24000 | 50000 |
| 31 | 3202038 Additional Assistance Of State Government For PMAY House (Block Panchayat) | | 29750000 | 31900000 |
| 32 | 3203001 Grant from Other Government Agencies | | 0 | 56064000 |
| 33 | 3207001 Contribution - Special Funds | | 200000 | 0 |
| 34 | 3208095 CSR Fund | | 0 | 60000000 |
| 35 | 3209001 Contribution to Joint Venture Projects from District Panchayat | | 42210000 | 35454000 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 36 | 3209002 Contribution to Joint Venture Projects from Block Panchayat | | 229844 | 0 |
| 37 | 3209003 Contribution to Joint Venture Projects from Grama Panchayat | | 39337271 | 20610000 |
| | **Total Grants, Contribution for Specific Purposes** | | **1015233409** | **1025483000** |
| | **Secured Loans - 330** | | | |
| 38 | 3305001 Loan from Banks | | 17362240 | 0 |
| | **Total Secured Loans** | | **17362240** | **0** |
| | **Deposits Received - 340** | | | |
| 39 | 3401003 Retention | | 100000 | 600000 |
| 40 | 3402006 Election Deposit(Candidate) | | 872000 | 64000 |
| | **Total Deposits Received** | | **972000** | **664000** |
| | **Other Liabilities - 350** | | | |
| 41 | 3503009 Government and Other Dues Payable - SGST | | 675 | 0 |
| 42 | 3503010 Government and Other Dues Payable - IGST | | 675 | 0 |
| | **Total Other Liabilities** | | **1350** | **0** |
| | **Loans, Advances and Deposits - 460** | | | |
| 43 | 4605003 Advance to Implementing Officers | | 200000 | 200000 |
| 44 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 3750000 | 3500000 |
| | **Total Loans, Advances and Deposits** | | **3950000** | **3700000** |
| | **Total Capital Receipt** | | **1037518999** | **1029847000** |
| | **Revenue Expenditure - 3** | | | |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Establishment Expenses - 210** | | | |
| 45 | 2101004 Salaries - Contract Staff | | 500000 | 500000 |
| 46 | 2101101 Wages | | 1950000 | 195000 |
| 47 | 2101401 Honourarium | | 6700000 | 6000000 |
| 48 | 2102001 Travelling Allowances - Secretary | | 50000 | 50000 |
| 49 | 2102003 Travelling Allowances - Permanent Staff | | 50000 | 100000 |
| 50 | 2102005 Travelling Allowances - Contingent Staff | | 50000 | 0 |
| 51 | 2102008 Other allowances - Permanent Staff | | 20000 | 0 |
| 52 | 2102010 Other allowances - Contingent Staff | | 0 | 70000 |
| 53 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 200000 | 500000 |
| 54 | 2102015 Uniforms | | 0 | 5000 |
| 55 | 2102016 Other Benefits and Allowances | | 1000000 | 100000 |
| 56 | 2102017 Festival Allowance | | 0 | 100000 |
| 57 | 2102018 Spectacle Allowance | | 0 | 10000 |
| 58 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 315000 | 350000 |
| 59 | 2102020 Telephone Allowance - Secretary | | 0 | 2000 |
| 60 | 2102021 Telephone Allowance - Mayor/ Chairperson/ President | | 8000 | 5000 |
| 61 | 2105099 Other Establishment Expenses | | 1000000 | 200000 |
| | **Total Establishment Expenses** | | **11843000** | **8187000** |
| | **Administrative Expenses - 220** | | | |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 62 | 2201005 Vehicle Tax | | 0 | 75000 |
| 63 | 2201101 Office Electricity Expenses | | 350000 | 400000 |
| 64 | 2201199 Other Office Maintenance Expenses | | 25000 | 1500000 |
| 65 | 2201201 Telephone Expenses/ Internet Charges | | 0 | 200000 |
| 66 | 2201202 Postage Expenses | | 0 | 25000 |
| 67 | 2201299 Miscellaneous Communication Expenses | | 100000 | 100000 |
| 68 | 2202001 Books & Periodicals | | 6000 | 25000 |
| 69 | 2202101 Printing & Stationery | | 200000 | 100000 |
| 70 | 2204001 Insurance | | 75000 | 50000 |
| 71 | 2204002 Insurance - Vehicles | | 0 | 50000 |
| 72 | 2205101 Miscellaneous Legal Expenses | | 50000 | 100000 |
| 73 | 2206001 Newspaper Advertisement Charges | | 85000 | 100000 |
| 74 | 2206002 Keralolsavam Expenses | | 0 | 250000 |
| 75 | 2206101 Membership & Subscriptions | | 20000 | 50000 |
| 76 | 2208005 Donations And Contributions As Per Government Order | | 0 | 300000 |
| 77 | 2208099 Miscellaneous Administration Expenses | | 4000000 | 0 |
| | **Total Administrative Expenses** | | **4911000** | **3325000** |
| | **Operation and Maintenance - 230** | | | |
| 78 | 2301002 Fuel Charges | | 800000 | 1000000 |
| 79 | 2304001 Vehicle Hire Charges | | 400000 | 50000 |
| 80 | 2305301 Repairs & Maintenance - Vehicles | | 100000 | 500000 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 81 | 2305901 Repairs & Maintenance - Machinery | | 0 | 200000 |
| 82 | 2305902 Repairs & Maintenance - Office Equipments | | 300000 | 400000 |
| 83 | 2308010 Extra - ordinary Expenses | | 0 | 2000000 |
| 84 | 2308013 Sanitation Expenses | | 0 | 300000 |
| 85 | 2308099 Other Operating & Maintenance Expenses | | 0 | 1300000 |
| 86 | 2308201 Refreshment Charges | | 300000 | 1000000 |
| | **Total Operation and Maintenance** | | **1900000** | **6750000** |
| | **Interest and Finance Charges - 240** | | | |
| 87 | 2407001 Bank Charges | | 500 | 1000 |
| | **Total Interest and Finance Charges** | | **500** | **1000** |
| | **Programe Expenses - 250** | | | |
| 88 | 2501001 Election Expenses | | 4100000 | 0 |
| 89 | 2502001 Expenditure on Poverty Eradication Program | | 600000000 | 600000000 |
| | **Total Programe Expenses** | | **604100000** | **600000000** |
| | **Expenses Related to Productive Sector - 251** | | | |
| 90 | 2510101 Agriculture - Paddy | | 9900000 | 0 |
| 91 | 2510132 Agriculture Related Facilities | | 124218 | 0 |
| 92 | 2510133 Agriculture Related Facilities- Machineries | | 87808 | 0 |
| 93 | 2510210 Animal Husbandry - Disease Control | | 5147917 | 0 |
| 94 | 2510305 Dairy Development - Milk Incentives | | 7900000 | 0 |
| 95 | 2511301 Self Employment and Marketing Promotion | | 16450000 | 0 |
| | **Total Expenses Related to Productive Sector** | | **39609943** | **0** |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Expenses Related to Service Sector - 252** | | | |
| 96 | 2520107 Education-Related Activities | | 274885 | 0 |
| 97 | 2520108 Financial Assistance for SC/ ST Students For Higher Education Admission | | 250000 | 0 |
| 98 | 2520202 Literacy Equivalance Examination | | 20000 | 0 |
| 99 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 2350000 | 0 |
| 100 | 2520602 Health related Programs | | 1200000 | 0 |
| 101 | 2520618 Medical Institution - Allopathy | | 21163622 | 0 |
| 102 | 2520702 Drinking Water - Public | | 382953 | 4000000 |
| 103 | 2520801 Housing & House Electrification - Individual | | 178333414 | 0 |
| 104 | 2520903 Women Welfare | | 1000000 | 0 |
| 105 | 2520904 Welfare of the Aged | | 199416 | 0 |
| 106 | 2520906 Welfare Programs for Physically/ Mentally Challenged | | 7400000 | 0 |
| 107 | 2520908 Social Security Programme | | 600000 | 0 |
| 108 | 2521201 Vocational Capacity Building - Vocational Training | | 500000 | 0 |
| 109 | 2521601 Local Government Service Delivery Improvement | | 679213 | 0 |
| 110 | 2521602 Payments to IKM | | 120000 | 0 |
| 111 | 2521701 Allied Institution Service Delivery Improvement | | 75000 | 0 |
| 112 | 2522001 Plan Formulation, Implementation and Monitoring | | 200000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Total Expenses Related to Service Sector** | | **214748503** | **4000000** |
| | **Expenses Related to Infrastructure Sector - 253** | | | |
| 113 | 2530102 Office Electrification | | 200000 | 0 |
| 114 | 2530201 Roads | | 0 | 13000000 |
| 115 | 2530301 Public Buildings - Local Government Office Building | | 1100155 | 0 |
| 116 | 2530302 Public Buildings - Other Buildings | | 564127 | 0 |
| 117 | 2530402 Other Constructions - Side Walls | | 1614300 | 0 |
| 118 | 2530501 Vehicle Rent for Engineering Wing | | 0 | 500000 |
| 119 | 2530502 Hiring of vehicles for office purposes | | 450000 | 50000 |
| | **Total Expenses Related to Infrastructure Sector** | | **3928582** | **13550000** |
| | **Expenses related to State Sponsored Schemes - 254** | | | |
| 120 | 2540121 Programmes/ Expenditures of Transferred Functions/ Scheme s - Others/ Miscellaneous | | 200000 | 0 |
| 121 | 2540128 Expenditures Of Transferred Institutions - Allopathy | | 1000000 | 0 |
| | **Total Expenses related to State Sponsored Schemes** | | **1200000** | **0** |
| | **Expenses Related to Joint Venture Projects - 255** | | | |
| 122 | 2551001 Contribution towards Joint Venture Projects - District Panchayat | | 29610000 | 0 |
| 123 | 2551002 Contribution towards Joint Venture Projects - Block Panchayat | | 77473414 | 0 |
| 124 | 2551003 Contribution towards Joint Venture Projects - Grama Panchayat | | 21150000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Total Expenses Related to Joint Venture Projects** | | **128233414** | **0** |
| | **Total Revenue Expenditure** | | **1010474942** | **635813000** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 125 | 3401003 Retention | | 442369 | 0 |
| 126 | 3402006 Election Deposit(Candidate) | | 202000 | 0 |
| | **Total Refund of Deposits** | | **644369** | **0** |
| | **Payment of Recoveries - 350** | | | |
